REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 05-08-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസിന് രാവിലെ രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം.
- പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചക്ക് രണ്ടു മണി വരെ നിർത്തിവെച്ചു.
- NDA യുടെ പാർലമെന്ററി കക്ഷി യോഗം ന്യൂഡൽഹിയിൽ ചേർന്നു.
- സ്കൂളുകളിലും ആശുപത്രികളിലും ഉൾപ്പെടെ ബലഹീന കെട്ടിടങ്ങളുടെ വിവരം രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി ഏഴ് മുതൽ 11 വരെ തൃശ്ശൂർ ജില്ലയിലെന്ന് മന്ത്രി V.ശിവൻകുട്ടി.
- സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ചവരെ മത്സ്യബന്ധനത്തിന് വിലക്ക്.

## വാർത്തകൾ വിശദമായി

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസിന് രാവിലെ രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപതി മുർമുവും

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചേർന്ന് അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

നരേന്ദ്ര മോദിയും ഫെർഡിനാൻഡ് R മാർക്കോസും ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല ചർച്ച നടത്തും. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സമുദ്ര സഹകരണം, കൃഷി, ആരോഗ്യ സംരക്ഷണം, ഫാർമസ്യൂട്ടിക്കൽസ്, ഡിജിറ്റൽ സാങ്കേതികവിദ്യകൾ തുടങ്ങിയവ  ഇരുനേതാക്കളും അവലോകനം ചെയ്യും. വിവിധ മേഖലകളിൽ നിരവധി ധാരണാപത്രങ്ങളും ഇരുവരും ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമുവുമായും ഫിലിപ്പീൻസ് പ്രസിഡണ്ട് കൂടിക്കാഴ്ച നടത്തും.

ചർച്ച, ഇരു രാജ്യങ്ങളും തമ്മിലെ ഉഭയകക്ഷി പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ബിഹാറിലെ വോട്ടർ പട്ടികകളുടെ പ്രത്യേക  പരിഷ്ക്കരണ നടപടിയ്ക്കെതിരെ ലോക്സഭയിലും രാജ്യസഭയിലും ഇന്നും  പ്രതിപക്ഷ ബഹളം. ഇരുസഭകളും ഉച്ചക്കു രണ്ടു മണി വരെ നിർത്തിവെച്ചു. ലോക്സഭ സമ്മേളിച്ചപ്പോൾ കോൺഗ്രസ്, DMK, തൃണമൂൽ കോൺഗ്രസ് MP മാർ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി. പ്രതിഷേധിച്ചവർ മുൻകൂട്ടി ആസൂത്രണം ചെയ്ത് സഭ തടസ്സപ്പെടുത്തുകയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. പ്രതിപക്ഷാംഗങ്ങളുടെ പെരുമാറ്റം പാർലമെന്ററി ജനാധിപത്യത്തിന് അനുയോജ്യമല്ലെന്നും സ്പീക്കർ കുറ്റപ്പെടുത്തി.

✪✪✪

NDA യുടെ പാർലമെന്ററി കക്ഷി യോഗം രാവിലെ ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് കോംപ്ലക്സിൽ ചേർന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, BJP പ്രസിഡന്റ് JP നദ്ദ, മറ്റ് NDA എംപിമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ഓപ്പറേഷൻ സിന്ദൂറിന്റെയും ഓപ്പറേഷൻ മഹാദേവിന്റെയും വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ MP മാർ അഭിനന്ദിച്ചു.  സിന്ദൂർ വിജയത്തെ പ്രശംസിച്ച് MP മാർ ഏകകണ്ഠമായി പ്രമേയം പാസാക്കി.

✪✪✪

പഹൽഗാം ഭീകരരുടെ വ്യക്തിവിവരങ്ങൾ, പശ്ചാത്തലം എന്നിവ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ രാജ്യരക്ഷാ മന്ത്രാലയം നിഷേധിച്ചു. സായുധ സേനയുടെ പബ്ലിക് റിലേഷൻസ് ഓഫീസുകളോ ഏതെങ്കിലും വക്താക്കളോ ഇത്തരത്തിൽ ഒരു പരാമർശവും നടത്തിയിട്ടില്ലെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ന്യൂഡൽഹിയിലെ കർത്തവ്യഭവൻ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രത്തിന് സമർപ്പിക്കും.

ഭരണ നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിനും, വേഗം കൂട്ടുന്നതിനും ലക്ഷ്യമിടുന്ന പൊതു സെൻട്രൽ സെക്രട്ടറിയേറ്റ് കെട്ടിടങ്ങളിൽ ആദ്യത്തേതാണ് കർത്തവ്യ ഭവൻ. ഡൽഹിയിൽ വിവിധയിടങ്ങളിലായി സ്ഥിതി ചെയ്യുന്ന വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വളർത്തിയെടുക്കുന്നതിനാണ് കർത്യ ഭവൻ രൂപകൽപന ചെയ്തതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

രണ്ട് ബേസ്മെന്റുകളും ഏഴു നിലകളുമായി ഒന്നര ലക്ഷം ചതുരശ്ര മീറ്റർ വിസ്തൃതിയിലാണ് കേന്ദ്ര സെക്രട്ടറിയേറ്റ് ഒരുക്കിയത്. ആധുനികവും കാര്യക്ഷമവും പൗരകേന്ദ്രീകൃതവുമായ ഭരണം ഉറപ്പുവരുത്തുകയെന്ന പ്രധാനമന്ത്രിയുടെ ദർശനത്തോട് ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഇത് വ്യക്തമാക്കുന്നതെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

241 ദശലക്ഷം യാത്രക്കാരുടെ ആവശ്യങ്ങൾ നിറവേറ്റി ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ വലിയ വ്യോമയാന വിപണിയായി ഉയർന്നു. അന്താരാഷ്ട്ര വ്യോമഗതാഗത അസോസിയേഷന്റെ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം ഇന്ത്യയിൽ 211 ദശലക്ഷം പേരാണ് വിമാനത്തിൽ യാത്രചെയ്തത്. 2023-നെ അപേക്ഷിച്ച് 11.1 ശതമാനമാനത്തിന്റെ വളർച്ചയാണിത്.

876 ദശലക്ഷം യാത്രക്കാരുമായി US ആണ് വ്യോമയാന വിപണിയിൽ മുന്നിൽ. പട്ടികയിൽ ചൈന രണ്ടാം സ്ഥാനത്തും ഇംഗ്ലണ്ട് മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

സ്കൂളുകളിലും ആശുപത്രികളിലും ഉൾപ്പെടെ ബലഹീനമായതും പൊളിച്ചുമാറ്റേണ്ടതുമായ കെട്ടിടങ്ങളുടെ വിവരം രണ്ടാഴ്ചയ്ക്കകം

നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ദുരന്ത നിവാരണ വകുപ്പിനോട് നിർദ്ദേശിച്ചു. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

....ഡെസ്ക് റിപ്പോർട്ട്....

....(വോയ്സ്) ........

ബലഹീനമായ കെട്ടിടങ്ങളിൽ പൊളിച്ചു മാറ്റേണ്ടവ, അറ്റകുറ്റപ്പണി വേണ്ടവ എന്നിവ വേർതിരിച്ച് നൽകണം. അവധി ദിവസങ്ങൾക്ക് മുൻഗണന നൽകി വേണം സ്കൂൾ കെട്ടിടങ്ങൾ പൊളിക്കാനെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. പൊളിച്ചുമാറ്റിയ സ്കൂൾ കെടിടങ്ങൾ പണിയും വരെ ക്ലാസുകൾ നടത്താൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും PTA യും വിദ്യാഭ്യാസ വകുപ്പും പകരം സംവിധാനം ഒരുക്കണം. അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷാ പരിശോധന ഇതോടൊപ്പം നടത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

അപകടാവസ്ഥയിലെ പൊതുകെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ സോഫ്റ്റ് വെയർ ഉണ്ടാക്കുമെന്നും, ഇലക്ട്രിക് കാര്യങ്ങൾ പരിശോധിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഓഫീസർ, തദ്ദേശ ഭരണ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ എഞ്ചിനിയർമാർ ചേർന്ന് പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തലശ്ശേരിയെയും ധർമ്മടത്തെയും ബന്ധിപ്പിക്കുന്ന കൊടുവള്ളി റെയിൽവേ മേൽപ്പാലം ഈ മാസം 12ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. നിയമസഭാ സ്പീക്കർ A.N ഷംസീർ അധ്യക്ഷനാകും. കണ്ണൂർ - തലശ്ശേരി ഭാഗത്തെ ഗതാഗതക്കുരുക്കിന് മേൽപ്പാലം തുറന്നുകൊടുക്കുന്നതോടെ ശാശ്വത പരിഹാരമാവും. കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന സംസ്ഥാനത്തെ പത്ത് റെയിൽവേ മേൽപ്പാലങ്ങളിൽ ഒന്നാണ് കൊടുവള്ളിയിലേത്. 36 കോടി 37 രക്ഷം രൂപ ചെലവഴിച്ചാണ് പാലം നിർമ്മിച്ചത്.

✪✪✪

സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ രംഗം പ്രതിസന്ധികൾക്കിടയിലും അഭിമാനകരമായാണ് മുന്നോട്ടുപോവുന്നതെന്ന് മന്ത്രി GR അനിൽ പറഞ്ഞു. സമീപകാലത്ത് ചരിത്രത്തിൽ 85 ശതമാനം ഉപഭോക്താക്കളാണ് റേഷൻ വിതരണം കൈപ്പറ്റിയതെന്നും റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ

പരിഗണിക്കുമെന്നും അദ്ദേഹം തിരൂരിൽ പറഞ്ഞു. ഓൾകേരള റീട്ടയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ മലപ്പുറം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം.

✪✪✪

കുടുംബശ്രീ ഹോം ഷോപ്പ് പദ്ധതിയുടെ സംസ്ഥാനതല സംഗമം, പോക്കറ്റ് മാർട്ട് ആപ്ലിക്കേഷൻ ഓൺലൈൻ ലോഞ്ചിംങ്, ഓണം ഗിഫ്റ്റ് ഹാംബർ എന്നിവ മന്ത്രി MB രാജേഷ് എറണാകുളത്ത് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ പോക്കറ്റ്മാർട്ട് ഉൽപന്ന വിപണനത്തിന് കരുത്തേകുമെന്നും ഹോംഷോപ്പുകൾ പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകമാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതി ഏറ്റവും ഗുണകരമാണെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. ലൈഫ് മിഷന്റെ ഭാഗമായി കണ്ണൂർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാതമംഗലം വ്യവസായ എസ്റ്റേറ്റിൽ നിർമ്മിച്ച ലൈഫ് ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനവും താക്കോൽദാനവും നിർവഹിക്കുക യായിരുന്നു സ്പീക്കർ.

സംസ്ഥാനത്ത് ആദ്യമായാണ് ഒരു ബ്ലോക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് ഇത്തരത്തിൽ ഭവന സമുച്ചയം നിർമിച്ചുനൽകുന്നത്.

✪✪✪

മയക്കുമരുന്ന് സാന്നിധ്യം പരിശോധിക്കുന്ന ഉപകരണമായ സോടോക്സ അനലൈസർ ഇന്ന് വൈകിട്ട് കണ്ണൂർ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ പൊലീസിന് കൈമാറും. കണ്ണൂർ സീ സൈഡ് റോട്ടറി ക്ലബ്ബിന്റെ സഹകരണത്തോടെ വാക്കറോ ഫൗണ്ടഷണന്റെ CSR ഫണ്ട് ഉപയോഗിച്ചാണ് അനലൈസർ വാങ്ങിയത്. സംസ്ഥാന പോലീസ് മേധാവി രവദ A ചന്ദ്രശേഖർ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

✪✪✪

ബഹിരാകാശ ഗവേഷണങ്ങളിൽ സ്വകാര്യ പങ്കാളികളെ ഉൾക്കൊള്ളിച്ച് ഇന്ത്യ നടത്തുന്ന മാറ്റം നൂതനാശയങ്ങളുടെ തരംഗത്തിന് കാരണമായതായി മുൻ ISRO ചെയർമാൻ ഡോ. എസ്. സോമനാഥ് പറഞ്ഞു. ചണ്ഡിഗഡിലെ പഞ്ചാബ് സർവകലാശാലയിൽ "ഇന്ത്യയിലെ ബഹിരാകാശ മേഖല: ബിസിനസിനും സ്റ്റാർട്ടപ്പുകൾക്കും അവസരങ്ങൾ" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സ്വകാര്യ ഉപഗ്രഹ നിർമ്മാതാക്കൾ, ചെറുകിട വിക്ഷേപണ വാഹന നിർമ്മാതാക്കൾ, ഡാറ്റാ സേവന ദാതാക്കൾ എന്നിവർ രാജ്യത്ത് പുരോഗതി കൈവരിക്കുകയാണെന്നും ഇത് ഗണ്യമായ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ, തൊഴിലവസരങ്ങൾ, ആഗോള വിപണി പങ്കാളിത്തം എന്നിവ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി ഏഴ് മുതൽ 11 വരെ തൃശ്ശൂർ ജില്ലയിൽ നടത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. ഇരുപത്തഞ്ചോളം വേദികളിലായി സംസ്കൃതോത്സവവും, അറബിക് സാഹിത്യോത്സവവും ഇതോടനുബന്ധിച്ച് നടത്തും.

സംസ്ഥാന സ്കൂൾ കായിക മത്സരങ്ങൾ ഒളിമ്പിക്സ് മാതൃകയിൽ തിരുവനന്തപുരത്ത് വരുന്ന ഒക്ടോബർ 22 മുതൽ 27 വരെയും നടത്തുമെന്നും മന്ത്രി തൃശ്ശൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........(വോയ്സ് ).........

സംസ്ഥാന കലോത്സവത്തിനു മുന്നോടിയായി സ്കൂൾതല മത്സരങ്ങൾ സെപ്തംബർ മാസത്തിലും സബ്ജില്ലാതല മത്സരങ്ങൾ ഒക്ടോബർ രണ്ടാംവാരത്തിനുള്ളിലും ജില്ലാതല മത്സരങ്ങൾ നവംബർ ആദ്യവാരവും പൂർത്തിയാക്കും.

സ്കൂൾ കായികമേളയിൽ 10,000-ലധികം മത്സരങ്ങളിലായി 24,000 ത്തോളം കായിക പ്രതിഭകൾ മാറ്റുരയ്ക്കും. കായികമേളയോട് അനുബന്ധിച്ച് ജില്ലാതല മത്സരങ്ങൾ ഈ മാസം മുതൽ സെപ്തംബർ വരെയാണ്. ഗൾഫ് രാജ്യങ്ങളിലെ കേരള സിലബസ് പഠിക്കുന്ന കായിക പ്രതിഭകളെ കൂടി മേളയിൽ പങ്കെടുപ്പിക്കും.

സംസ്ഥാന TTI/ PP TTI കലോത്സവം, അടുത്ത മാസം 12 ന് വയനാട്ടിൽ ആരംഭിക്കും. നാല് വേദികളിലായാണ് മത്സരങ്ങൾ.

സ്പെഷ്യൽ സ്കൂൾ കലോത്സവം നവംബർ 6 മുതൽ 8 വരെ മലപ്പുറത്താണ്.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കുമുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിലെ കക്കി- ആനത്തോട് ഡാമിന്റെ ഷട്ടറുകൾ ഉയർത്തുന്നത് മാറ്റി. വൃഷ്ടിപ്രദേശത്ത് മഴ കുറഞ്ഞതിനാലാണ് ഡാം തുറക്കുന്നത് ഒഴിവാക്കിയത്.

✪✪✪

ഇന്ത്യൻ ആർമിയുടെ റിസർച്ച് സെൽ അഗ്നിശോധ്, മദ്രാസ് IIT യിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഉദ്ഘാടനം ചെയ്തു. പ്രതിരോധ സാങ്കേതികവിദ്യ അക്കാദമിക് ഗവേഷണമാണ് അഗ്നിശോധ് ലക്ഷ്യമിടുന്നത്.

✪✪✪

പ്രധാൻമന്ത്രി മാതൃ വന്ദന യോജനയുടെ പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഈ മാസം 15 വരെ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം നീട്ടി. അംഗൻവാടി-ആശാ പ്രവർത്തകർ വീടുതോറും നടത്തുന്ന ബോധവൽക്കരണ എൻറോൾമെന്റ് ക്യാമ്പയിനായ പദ്ധതിയിൽ, എല്ലാ ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും സമയബന്ധിത രജിസ്ട്രേഷൻ ഉറപ്പുവരുത്തും. നാലു കോടിയലധികം ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴിയോ പോസ്റ്റ് ഓഫീസ് അക്കൗണ്ടു വഴിയോ ആനുകൂല്യം നൽകിയതായും ഈയിനത്തിൽ 19,028 കോടി രൂപ പ്രസവാനുകൂല്യം അനുവദിച്ചതായും മന്ത്രാലയം അറിയിച്ചു.

✪✪✪

പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയുടെ രജിസ്ട്രേഷൻ സമയപരിധി ഈ മാസം 14 വരെ നീട്ടിയതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. കാർഷിക ഉൽപ്പന്നങ്ങൾ ഇൻഷ്വർ ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാ കർഷകർക്കും ഔദ്യോഗികവെബ്സൈറ്റ് വഴിയോ, കോമൺ സർവീസ് സെന്റർ വഴിയോ രജിസ്റ്റർ ചെയ്യാം.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ മറ്റന്നാൾ വരെ അവസരം. അന്തിമ വോട്ടർപട്ടിക 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

ഫിബ ഏഷ്യാ കപ്പ് പുരുഷ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് ജോർദാനെ നേരിടും. ജിദ്ദ സ്പോർട്സ് സിറ്റിയിൽ വൈകിട്ട് നാലരക്കാണ് മത്സരം.

✪✪✪

അന്തരിച്ച നടൻ ഷാനവാസിന്റെ ഭൗതികശരീരം വൈകിട്ട് തിരുവനന്തപുരം പാളയം മുസ്ലീം ജമാ അത്ത് പള്ളിയിൽ ഖബറടക്കും. വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് ഇന്നലെ രാത്രിയായിരുന്നു 71 കാരനായ ഷാനവാസിന്റെ അന്ത്യം. 50 ലധികം മലയാള ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. 2022 ൽ പുറത്തിറങ്ങിയ ജനഗണമന-യാണ് അവസാന ചിത്രം.

ഷാനവാസിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രി വി.ശിവൻകുട്ടിയും അനുശോചിച്ചു.

✪✪✪

സർവകലാശാലകൾ സ്വയംഭരണമായിരിക്കണമെന്ന ആഗോളകാഴ്ച്ചപ്പാടിനെ അട്ടിമറിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് മുൻ കേന്ദ്രമന്ത്രി V.മുരളീധരൻ പറഞ്ഞു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് സെന്റർ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർവകലാശാലകളെ സ്വന്തം കൈപ്പിടിയിൽ ഒതുക്കാനാണ് മുഖ്യമന്ത്രിയും കൂട്ടരും ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: നിമിഷ ജി*
*DEO: ഷീബ*